**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ നിക്ഷേപ സമാഹരണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഇത്തവണത്തെ സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിൽ ലക്ഷ്യമിട്ടതിലും 21 ശതമാനം അധികം നിക്ഷേപം സമാഹരിക്കാനായത് സഹകരണ മേഖലയിലുള്ള ജനവിശ്വാസം നിലനിർത്താനായതിന്റെ പ്രതിഫലനമായി വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ; | (എ) | **“സഹകരണ നിക്ഷേപം നാടിന്റെ ഉടർ വികസനത്തിനായി”** എന്നതാണ് 2022 ലെ നിക്ഷേപ സമാഹരണ ക്യാമ്പയിന്റെ മുദ്രാവാക്യം. 42þmaXv നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) **6000 കോടി** രൂപയാണ്. എന്നാൽ 9967.43 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് സഹകരണ മേഖലയിലുള്ള ജനവിശ്വാസം നിലനിർത്താനായതിന്റെ പ്രതിഫലനമാണ്. |
| (ബി) | സഹകരണ സംഘങ്ങളുടെ പ്രവർത്തനം പൂർണ്ണമായും കുറ്റമറ്റതാക്കുന്നതിന് നിയമ പരിഷ്കാരങ്ങളും ആധുനികീകരണവും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | a) സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെട്ട ത്തിന്നതിനും, സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യ കരമല്ലാത്ത പ്രവണതകൾ അവസാനിപ്പി ക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്ര നിയമ പരിഷ്കരണത്തിന് ശുപാർശ സമർപ്പിക്കാൻ അന്നത്തെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അധ്യക്ഷനായ ഒരു സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത സമിതി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിച്ച് വിശദമായ ശുപാർശ സമർപ്പിക്കുവാൻ ശ്രീ.ജോസ് ഫിലിപ്പ് (റിട്ട. അഡീഷണൽ രജിസ്ട്രാർ) അധ്യക്ഷനായ സമിതിയെ നിയോഗിച്ചു. അവർ ലഭ്യമാക്കിയ റിപ്പോർട്ട് വിശദമായ വിശകലനങ്ങൾക്ക് ശേഷം ഒരു കരട് ബില്ല് തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ സമഗ്ര പരിഷ്കരണമായി പുതിയ നിയമ ഭേദഗതി ലക്ഷ്യമിടുന്നു. |

b) സഹകരണ സംഘങ്ങളുടെ ആഡിറ്റിംഗ് പൂർണ്ണമായും കുറ്റമറ്റതും കാര്യക്ഷമവും ആക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റിവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജമെന്റ് (ഐ.സി.എം) ൽ നിന്നുള്ള വിദഗ്ദരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതാണ്.

**<u>c)പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ</u>**

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.

**d). <u>Co-operative Audit Monitoring & Information System (CAMIS)</u>**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും

| | | | |
|---|---|---|---|
| | | | CAMISലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി **www.camis.kerala.gov.in** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ